## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 231** **20.06.2012-ൽ മറുപടിക്ക്**

# നിലവാരമില്ലാത്ത സ്വാശ്രയ മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. കെ. രാജു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയ്ക്കു കീഴിൽ നിലവാരമില്ലാത്ത സ്വാശ്രയ കോളേജുകളുണ്ടോ ; ഉണ്ടെങ്കിൽ ഏറ്റവും നിലവാരത്തകർച്ചയുള്ളതായി കണ്ടെത്തിയ മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജുകൾ ഏതെല്ലാം ; | (എ) ആരോഗ്യ സർവ്വകലാശാല നടത്തിയ ഒന്നാം വർഷ പരീക്ഷാ ഫലം വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മോശപ്പെട്ട നിലവാരം കാഴ്ചവച്ച കോളേജുകൾ താഴെ പറയുന്നവയാണ്.<br><br>**അലോപ്പതി**<br><br>1) കരുണാ മെഡിക്കൽ കോളേജ്, പാലക്കാട്.<br>2) കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട്.<br>3) ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.<br>4) മലബാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.<br>5) കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ.<br>6) കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി.<br><br>**ആയുർവ്വേദം** :<br><br>1) അഹല്യ ആയുർവ്വേദ കോളേജ്, കോഴിക്കോട്. |

2) വിഷ്ണു ആയുർവ്വേദ കോളേജ്, പാലക്കാട്.
3) പി.എൻ. പണിക്കർ സൗഹൃദ ആയുർവ്വേദ കോളേജ്, കാസർഗോഡ്.
4) കെ.എം.സി.ടി. ആയുർവ്വേദ കോളേജ്, കോഴിക്കോട്.

**ഡെന്റൽ** :

1) ശ്രീ. ശങ്കരാ ഡെന്റൽ കോളേജ്, വർക്കല.
2) സെഞ്ച്വറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ, കാസർഗോഡ്.
3) കണ്ണൂർ ഡെന്റൽ കോളേജ്.

**നഴ്സിംഗ്** :

1) സി.എസ്.ഐ. കോളേജ് ഓഫ് നഴ്സിംഗ്, കാരക്കോണം.
2) ധനലക്ഷ്മി കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ.
3) പൊയാനിൽ കോളേജ് ഓഫ് നഴ്സിംഗ്, പത്തനംതിട്ട.
4) വെൽക്കെയർ കോളേജ് ഓഫ് നഴ്സിംഗ്, കൊച്ചി.
5) അൽമാസ് കോളേജ് ഓഫ് നഴ്സിംഗ്, കോട്ടക്കൽ.
6) സെഞ്ച്വറി കോളേജ് ഓഫ് നഴ്സിംഗ്, കാസർഗോഡ്.
7) ലക്ഷ്മി മേനോൻ കോളേജ് ഓഫ് നഴ്സിംഗ്, കാസർഗോഡ്.
8) റെഡ് ക്രെസന്റ് കോളേജ് ഓഫ് നഴ്സിംഗ്, കോഴിക്കോട്.

| | |
|---|---|
| (ബി) ഈ കോളേജുകളുടെ നിലവാരത്തകർച്ച കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാം ; ഇവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത കോളേജുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാരണങ്ങൾ താഴെ പറയുന്നു.<br>1) രോഗികളുടെ എണ്ണത്തിലുള്ള ശ്രദ്ധേയമായ കുറവ്.<br>2) നിർദ്ദിഷ്ട അദ്ധ്യാപന പരിചയവും യോഗ്യതയുമുള്ള അദ്ധ്യാപകരുടെ കുറവ്.<br>മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാരെ വിളിച്ചുവരുത്തുകയും ഡോ. സി. രത്നാകരൻ (പ്രോ-വൈസ് ചാൻസിലർ), ഗവേണിംഗ് കൗൺസിൽ അംഗം കൂടിയായ സർവ്വകലാശാല ഡീൻ (റിസർച്ച്) ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, തൃശ്ശൂർ ഗവ: മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ കെ.ആർ. ഗിരിജ എന്നിവരടങ്ങിയ കമ്മിറ്റി വിശദമായ ചർച്ച നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുകയും ആയതിലേക്കായി ബന്ധപ്പെട്ട കോളേജുകൾക്ക് ഒരു മാസത്തെ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത സ്വാശ്രയ കോളേജുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) നിർദ്ദേശങ്ങൾ പാലിക്കാത്ത കോളേജുകൾക്കെതിരെ അംഗീകാരം പിൻവലിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**